ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ലാഭം ചുവടെ ചേർക്കുന്നു:

2001-2002-ൽ 71.19 ലക്ഷം രൂപ.

2002-2003-ൽ 612.05 ലക്ഷം രൂപ.

2003-2004-ൽ 505.26 ലക്ഷം രൂപ.

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ കൊടുക്കൽ വാങ്ങൽ തുക (ലക്ഷത്തിൽ) ചുവടെ ചേർക്കുന്നു:

വർഷം	വായ്പ കൊടുക്കൽ	തിരിച്ചടവ്
2001-2002	1,12,510.33	1,07,798.86
2002-2003	1,26,032.05	1,24,961.56
2003-2004	1,25,808.54	1,37,771.75

(സി) 2003-2004 വർഷത്തെ കണക്ക് പ്രകാരം 1,11,749.88 ലക്ഷം രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

(ഡി) 2003-2004 വർഷത്തെ കണക്ക് പ്രകാരം 12,601.52 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

ന്യൂ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട്

156 [3682] *ശ്രീ. സി. കെ. നാണു*:

„ *കെ. പി. മോഹനൻ*:

„ *എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ൽ കേന്ദ്രം പാസ്സാക്കി നടപ്പിലാക്കിയ ന്യൂ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട് കേരളത്തിന് ബാധകമാണോ;

(ബി) പ്രസ്തുത ആക്ടിൽ സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സൊസൈറ്റികൾക്ക് ഇത് ബാധകമാകുമോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നിയമം സംസ്ഥാനത്തിന് ബാധകമാണെങ്കിൽ പുതിയ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാധകമാണ്.

(ബി) 1. ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങൾ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങൾ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിലൂടെ, സംസ്ഥാനം മാത്രം പ്രവർത്തിപരിധിയായുള്ള സംഘങ്ങളുടെ ലക്ഷ്യവുമായി അതിവ്യാപനം ഉണ്ടാകുന്നുണ്ട്.

2. ഒന്നിലധികം സംസ്ഥാനത്ത് പ്രവർത്തന പരിധിയുണ്ടെങ്കിലും, തിരഞ്ഞെടുപ്പ് നടത്തുന്നതിന് മറ്റ് സ്റ്റേറ്റുകളിൽ പോളിംഗ് ബൂത്തുകൾ സ്ഥാപിക്കുന്നതിനോ, അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസർമാരെ സംസ്ഥാനങ്ങളിൽ നിയമിക്കുന്നതിനോ വ്യവസ്ഥയില്ലാത്തതിനാൽ, സംസ്ഥാനത്തുനിന്നുള്ള അംഗങ്ങൾക്ക് ശരിയായ പ്രാതിനിധ്യം മൾട്ടി സ്റ്റേറ്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളിൽ ഉണ്ടാകുന്നില്ല.

(സി) ഒന്നിൽ കൂടുതൽ സംസ്ഥാനം പ്രവർത്തന പരിധിയായിട്ടുള്ളതും 1912-ലെ സഹകരണ നിയമപ്രകാരവും 1942-ലെയും 1984-ലെയും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങൾക്കും ഈ നിയമം ബാധകമാണെന്ന് 2002-ൽ നിലവിൽ വന്ന നിയമത്തിലെ 2-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത നിയമത്തിലെ വകുപ്പ് 5 (1) പ്രകാരം, ഒന്നിൽകൂടുതൽ സംസ്ഥാനങ്ങളിലെ അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന പ്രധാന ഉദ്ദേശത്തോടുകൂടിയതും സഹകരണ തത്വങ്ങൾക്കനുസൃതമായി പരസ്പര സഹായത്തോടും സ്വയം സഹായത്തോടും കൂടി അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പ്രദാനം ചെയ്യുന്നതരത്തിലുള്ള വ്യവസ്ഥകൾ ബൈലായിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 6 (1) പ്രകാരം സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിശ്ചിത വിവരങ്ങളടങ്ങിയ നിശ്ചിത രീതിയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടത് കേന്ദ്ര സഹകരണസംഘം രജിസ്ട്രാർക്കാണ്. വകുപ്പ് 6 (2) പ്രകാരം, രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ താഴെ പറയുന്നവർ ഒപ്പിട്ടിരിക്കണം.

(എ) വ്യക്തികൾക്കാണ് സംഘത്തിലെ അംഗത്വം നിജപ്പെടുത്തിയിട്ടുള്ളതെങ്കിൽ ഓരോ സംസ്ഥാനത്തു നിന്നും കുറഞ്ഞത് 50 പേർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ അംഗങ്ങളും സഹകരണ സംഘങ്ങളായിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാണെങ്കിൽ, ഒരു സംസ്ഥാനത്തുമാത്രം രജിസ്റ്റർ ചെയ്യപ്പെട്ടവയല്ലാത്ത കുറഞ്ഞത് അഞ്ച് സഹകരണ സംഘങ്ങളുടെ ചുമതലപ്പെടുത്തിയ പ്രതിനിധികൾ.

(സി) ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘവും മറ്റ് സഹകരണ സംഘങ്ങളും അംഗങ്ങളായുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടതെങ്കിൽ പ്രസ്തുത ഓരോ സംഘത്തിലേയും പ്രത്യേകം ചുമതലപ്പെടുത്തിയ പ്രതിനിധികൾ.

(ഡി) മറ്റു സഹകരണ സംഘങ്ങളും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും വ്യക്തികളും അംഗങ്ങളായിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാണെങ്കിൽ ഒന്നോ, രണ്ടോ അതിൽ കൂടുതലോ സംസ്ഥാനങ്ങളിൽ നിന്നുള്ള 50 വ്യക്തികളോ, രണ്ടോ അതിൽ കൂടുതലോ സംസ്ഥാനങ്ങളിൽ നിന്നോ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ നിന്നോ ഓരോ സഹകരണ സംഘവും

പ്രസ്തുത നിയമത്തിലെ വകുപ്പ് 6 (3) പ്രകാരം അപേക്ഷയോടൊപ്പം പ്രസ്തുത സംഘത്തിന്റെ നിർദ്ദിഷ്ട ബൈലായുടെ നാല് പകർപ്പും കൂടി സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൽ തീർപ്പുകൽപ്പിക്കുന്നത് കേന്ദ്ര സഹകരണസംഘം രജിസ്ട്രാറാണ്.

ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് പെൻഷൻ

157 [3683] *ശ്രീ. ടി. എം. ജേക്കബ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ശമ്പള പരിഷ്ക്കരണ കമ്മിറ്റി ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly